## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.23 8.2.2016 ൽ മറുപടിയ്ക്ക്

## ജനസമ്പർക്ക പരിപാടി

| ചോദ്യം<br>ഡോ.കെ.ടി.ജലീൽ | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) മുഖ്യമന്ത്രി വിവിധ ജില്ലകളിലായി എത്ര ജനസമ്പർക്ക പരിപാടികൾ നടത്തി ; | എ) 2011, 2013, 2015 വർഷങ്ങളിലായി 14 ജില്ലകളിലും മൂന്ന് തവണവീതം ജനസമ്പർക്ക പരിപാടികൾ നടത്തി |
| ബി) ജനസമ്പർക്ക പരിപാടികളുടെ നടത്തിപ്പിനായി സർക്കാരിന്റെ വിവിധ വകുപ്പുകൾ വഴി ചെലവായ തുകയെത്ര; ഓരോന്നിന്റെയും വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | ബി) ജനസമ്പർക്ക പരിപാടികളുടെ നടത്തിപ്പിനായി നാളിതുവരെ പൊതുമരാമത്ത്, റവന്യൂ, വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ, ഐ.&പി.ആർ.ഡി, കെ.എസ്.ഇ.ബി തുടങ്ങിയ വകുപ്പുകളിലായി ആകെ 20,95,31,467/- രൂപ ചെലവഴിച്ചിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ചിട്ടില്ല. |
| സി) ജനസമ്പർക്ക പരിപാടിയിൽ പരിഗണിക്കപ്പെടുന്ന ഒരു അപേക്ഷകൻ എത്ര ദിവസങ്ങൾക്ക് മുമ്പ്, ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നത്; | സി) ജനസമ്പർക്ക പരിപാടി നടത്തിയ ദിവസത്തിന് 30 ദിവസം മുമ്പ് വരെ അക്ഷയ കേന്ദ്രങ്ങൾ വഴിയും പരിപാടിയുടെ തലേ ദിവസം ജില്ലാകളക്ടറേറ്റുകളിലെ പ്രത്യേക കൗണ്ടറുകളിൽ നേരിട്ടും പരിപാടി ദിവസം ബഹു.മുഖ്യമന്ത്രിയ്ക്ക്/ ജില്ല യിൽ നിന്നുള്ള മന്ത്രിയ്ക്ക് വേദിയിൽ നേരിട്ടും അപേക്ഷകൾ സമർപ്പിക്കാൻ സൗകര്യം ഒരുക്കിയിരുന്നു. |
| ഡി) ചികിത്സാസഹായത്തിനായി തുക അനുവദിക്കുന്നതിനുള്ള അർഹതയും തുകയും നിശ്ചയിച്ചിരുന്നതാരാണ്; മാനദണ്ഡം എന്താണ്; | ഡി) വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും തഹസിൽദാറുടെ ശുപാർശയിന്മേലും ചുമതലയുള്ള മന്ത്രി, മുഖ്യമന്ത്രി, ജില്ലാകളക്ടർ എന്നിവരുടെ മേൽ നോട്ടത്തിൽ സ്ക്രീനിംഗ് കമ്മിറ്റി ചേർന്നും, മെഡിക്കൽ സംഘം രോഗികളെ നേരിട്ട് സന്ദർശിച്ചും തയ്യാറാക്കി നൽകിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും മറ്റുമാണ് ചികിത്സാസഹായവും തുകയും നിശ്ചയിച്ചിരുന്നത്. |
| ഇ) ജനസമ്പർക്ക പരിപാടികൾ വഴി ചികിത്സാ ധനസഹായം അനുവദിക്കപ്പെട്ടിരുന്നതിൽ കുടിശ്ശിക നൽകുവാനുള്ള തുകയെത്ര; | ഇ) തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലായി ചികിത്സാധനസഹായമിനത്തിൽ **23,59,61,000/-** രൂപ കുടിശ്ശിക നൽകാനുണ്ട്. |
| എഫ്) അപേക്ഷ സമർപ്പിക്കുന്നതു മുതൽ പരിഗണിക്കുന്നതു വരെയുള്ള നടപടിക്രമം എന്തായിരുന്നുവെന്ന് വിശദമാക്കാമോ; | എഫ്) നടപടിക്രമങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. |
| ജി) ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിരുന്ന മാർഗ്ഗരേഖയുടെ ഒരു പകർപ്പ് ലഭ്യമാക്കാമോ? | ജി) പകർപ്പ് അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്